# PEROOR
# MARTH SMOONI CHURCH



**ലോ**കരക്ഷകനായ യേശുക്രിസ്തുവിന്റെ തിരുജനനത്തിന് ഒന്നര നൂറ്റാണ്ടു മുൻപ് യഹൂദ്യയിൽ നടന്ന ഒരു മഹാത്യാഗമായിരുന്നു മർത്തശ്മൂനിഅമ്മയുടെയും സഹദേന്മാരായ ഏഴ് മക്കളുടെയും ഗുരുനാഥനായ മാർ ഏലിയാസറിന്റെയും രക്തസാക്ഷിത്വം.

യഹൂദ്യരാജ്യത്ത് യഹോവാഭക്തിയിൽ അടിയുറച്ച് ജീവിതം നയിച്ചവരാണ് ശ്മൂനിയും ഏഴു പുത്രന്മാരും ഏലിയാസർ എന്ന അവരുടെ ഗുരുനാഥനും. ഏലിയാസർ യരുശലേം ദേവാലയത്തിലെ ആചാര്യനായിരുന്നു. ഈ കാലഘട്ടത്തിൽ സുറിയ രാജാവിന്റെ അധീനതയിലായിരുന്നു യഹൂദ്യ. അന്തിയോക്കസ് എപ്പിഫാനസ് എന്ന ദൈവനിന്ദകനായ രാജാവ് യഹൂദന്മാരെ ക്രൂരമായി പീഡിപ്പിച്ചു. മോശയുടെ ന്യായപ്രമാണത്തെ അയാൾ എതിർത്തു. ന്യായപ്രമാണത്തിന് വിരുദ്ധമായ ബലി നടത്തുന്നതിന് ആജ്ഞ പുറപ്പെടുവിക്കുകയും ഇതിനായി ഭീകരമായ രീതിയിലുള്ള മർദ്ദനങ്ങൾ നടത്തുകയും ചെയ്തു.

ഗുരുവായ ഏലിയാസറിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും കഴിഞ്ഞിരുന്ന ശ്മൂനിയും മക്കളും സത്യദൈവത്തെ ഉപേക്ഷിക്കുകയില്ലെന്നും ന്യായപ്രമാണങ്ങളെ കൈവെടിയുകയില്ലെന്നും ദൃഢനിശ്ചയം ചെയ്ത് ജനത്തിന് മാതൃകയായി നിലകൊണ്ടു. അന്തിയോക്കസ് കോപാന്ധനായി. തൊണ്ണൂറു വയസായിരുന്ന ഏലിയാസറിനെ പടയാളികൾ ബന്ധിച്ച് രാജസന്നിധിയിൽ കൊണ്ടുവന്നു. ‘‘ന്യായപ്രമാണത്തെ ഉപേക്ഷിക്കുന്നതിനേക്കാൾ മരണംതന്നെ നല്ലത്’’ എന്ന് ഏലിയാസർ രാജാവിനോട് പറഞ്ഞു. മരിക്കുന്നതുവരെ അടിക്കാൻ രാജകൽപ്പനയായി. ചമ്മട്ടിക്കുള്ള അടിയേറ്റ് ആ വയോവൃദ്ധൻ കൊലക്കളത്തിൽ ജീവൻ വെടിഞ്ഞു. പടയാളികൾ ശ്മൂനിയേയും പുത്രന്മാരെയും രാജാവിനു മുൻപിൽ കൊണ്ടുവന്നു. ദൈവപ്രമാണങ്ങൾ ഉപേക്ഷിക്കണമെന്ന് അയാൾ പറഞ്ഞപ്പോൾ അവർ സമ്മതിച്ചില്ല. അതിക്രൂരമായ മർദ്ദനം തുടങ്ങി. നീചനായ അന്തിയോക്കസ് അവർക്ക് വധശിക്ഷ വിധിച്ചു. ഏഴു മക്കളേയും തലയിലെ തോലുരിഞ്ഞ് നാവിന്റെയും കൈകാലുകളുടെയും അഗ്രം ഛേദിച്ച് തിളയ്ക്കുന്ന എണ്ണയിലിട്ട് കൊല്ലുകയായിരുന്നു. മക്കൾ ഏഴു പേരും നഷ്ടപ്പെടുന്നതു നേരിട്ട് കണ്ടുകൊണ്ടിരുന്നിട്ടും ദൈവസന്നിധിയിൽ ഉള്ള പ്രത്യാശ നിമിത്തം

ശ്മൂനിമാതാവ് സന്തോഷപൂർവ്വം എല്ലാം സഹിച്ചുകൊണ്ടുനിന്നു. അടുത്ത നിമിഷം ആ മാതാവ് ധീരരക്ത സാക്ഷിയായി മാറിയപ്പോൾ അടിപതറാത്ത ദൈവവിശ്വാസത്തിന്റെ പുതിയൊരദ്ധ്യായം യഹൂദചരിത്രത്തിൽ ചേർക്കപ്പെടുകയായിരുന്നു. ബി. സി. 167–ലാണ് ഈ രക്തസാക്ഷിത്വം നടന്നത്. ജീവൻ നൽകി വിശ്വാസം കാത്ത ഈ ധന്യരെ സുറിയാനിസഭ മർത്തശ്മൂനിയും സഹദേന്മാരായ ഏഴു മക്കളും മാർ ഏലിയാസർ എന്നും നാമകരണംചെയത് വിശുദ്ധരുടെ ഗണത്തിൽ ചേർത്തു. ഒരു നൂറ്റാണ്ട് പിന്നിട്ട പേരൂർ മർത്തശ്മൂനി യാക്കോബായ സുറിയാനിപള്ളി ഈ വിശുദ്ധരുടെ നാമത്തിൽ മലങ്കരയിൽ സ്ഥാപിതമായ ആദ്യദേവാലയ മായി പ്രശോഭിച്ചുകൊണ്ടിരിക്കുന്നു.

ഇറാഖിൽ മൂസൽ പട്ടണത്തിനടുത്തുള്ള ഗ്രാമമാണ് കരക്കോശ്. ഇവിടെ മർത്തശ്മൂനിഅമ്മയുടെ നാമത്തിൽ ദേവാലയമുണ്ട്. വടക്കൻപറവൂരിൽ കബറടങ്ങിയിരിക്കുന്ന അബ്ദുൾ ജലീൽ മാർ ഗ്രീഗോറി യോസ് ബാവായുടെയും കോതമംഗലത്ത് കബറടങ്ങിയിരിക്കുന്ന യൽദോ മാർ ബസേലിയോസ് ബാവായു ടെയും ജന്മദേശമാണിത്. വിശുദ്ധനാട്ടിൽ മർത്തശ്മൂനിഅമ്മയുടെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ദേവാല യങ്ങളിൽ ഏറ്റവും പ്രശസ്തമാണ് കരക്കോശിലെ പള്ളി. വർഷംതോറും ഈ ദേവാലയത്തിൽ ഒരു അത്ഭുതം നടക്കുന്നുണ്ട്. മർത്തശ്മൂനിഅമ്മയുടെയും മക്കളുടെയും ഗുരുവിന്റെയും ഓർമ്മപ്പെരുനാൾദിന ത്തിൽ ദേവാലയത്തിന്റെ വടക്കേ ഭിത്തിയിൽ ഈ വിശുദ്ധർ പ്രത്യക്ഷപ്പെടുന്നു. നിഴൽരൂപത്തിൽ ഭിത്തിയി ലൂടെ നടക്കുന്നു. പിതാവായ മാർ യൂലിയോസ് ബാവായോടൊപ്പം കരക്കോശിലെ ദേവാലയത്തിൽ പോയി പ്രാർത്ഥിച്ച അവസരത്തിൽ പരിശുദ്ധ അമ്മയും മക്കളും ഗുരുവും പ്രത്യക്ഷപ്പെട്ട സംഗതി കാലംചെയ്ത ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കോട്ടയം ഭദ്രാസനത്തിന്റെ അഭിവന്ദ്യ പുലിക്കോട്ടിൽ യൗസേഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീ ത്തയാണ് പേരൂരിൽ ദേവാലയ സ്ഥാപനത്തിന് അനുവാദം നൽകിയത്. താലിമൂട്ടിൽ കുടുംബം വക സ്ഥലം പള്ളി വയ്ക്കാൻ ദാനമായി ലഭിച്ചു. 1905 സെപ്റ്റംബർ 23–ാം തീയതി (1081 കന്നി 8) വിശുദ്ധ ദൈവമാതാ വിന്റെ ജനനപ്പെരുനാൾദിനത്തിൽ അഭിവന്ദ്യ തിരുമേനി വി. ദൈവമാതാവിന്റെ നാമത്തിൽ പള്ളിയുടെ കൂദാശ നിർവഹിച്ചു. പ്രധാന ത്രോണോസ് നിർമ്മാണം പൂർത്തിയായപ്പോൾ 1907 സെപ്റ്റംബർ 24–ാം തീയതി ശുദ്ധിമതിയായ മർത്തശ്മൂനിഅമ്മയുടെയും സഹദേന്മാരായ ഏഴു മക്കളുടെയും ഗുരുനാഥനായ മാർ ഏലിയാസറിന്റെയും നാമത്തിൽ അഭിവന്ദ്യ യൗസേഫ് മാർ ദീവന്നാസ്യോസ് തിരുമനസ്സുകൊണ്ട് ത്രോണോസിന്റെ പ്രതിഷ്ഠാകർമ്മം നിർവ്വഹിച്ചു. രക്തസാക്ഷിമരണം പ്രാപിച്ച ഈ നവവിശുദ്ധരുടെ നാമ ത്തിൽ ശീമരാജ്യത്തുള്ള പള്ളികളെപ്പറ്റി അറിഞ്ഞിരുന്ന അഭിവന്ദ്യ തിരുമേനി മലങ്കരയിൽ ആ നാമത്തിൽ ആദ്യത്തെ ദേവാലയം സ്ഥാപിക്കുകയായിരുന്നു. മലങ്കര മെത്രാപ്പോലീത്തയായിരുന്ന പൗലൂസ് മാർ കൂറീ ലോസ് തിരുമേനിയുടെ നേതൃത്വത്തിൽ വി. ദൈവമാതാവിന്റെയും വി. സ്തേഫാനോസ് സഹദായുടെയും നാമത്തിൽ രണ്ട് ത്രോണോസുകൾ പണിത് അഭിവന്ദ്യ തിരുമനസ്സുകൊണ്ട് കൂദാശ ചെയ്തു.

ആരംഭകാലത്ത് ബഹുമാന്യരായ തൈക്കാട്ട് അച്ചനും പൈനുങ്കൽ അച്ചനും വന്ന് ആത്മീയകാര്യ ങ്ങൾ നടത്തി. പിന്നീട് ഇടവകയെ നയിച്ചത് പാറമ്പുഴ തുരുത്തേൽ യാക്കോബ് കത്തനാർ, പാറയിൽ കുര്യാ ക്കോസ് കത്തനാർ, മണലേൽ ജോസഫ് കശ്ശീശ, ദീർഘകാലം വികാരിയായിരുന്ന പേരൂർ തുരുത്തേൽ യാക്കോബ് കശ്ശീശ, പാറയിൽ ജേക്കബ് കശ്ശീശ എന്നീ വന്ദ്യ പിതാക്കന്മാരാണ്. ബാംഗ്ലൂർ പള്ളിയിൽ സേവ നമനുഷ്ഠിക്കുന്ന വന്ദ്യ കുന്നത്ത് കുര്യാക്കോസ് കോറെപ്പിസ്കോപ്പ ഈ ഇടവകാംഗമാണ്. ഫാ. റ്റി.സി. മാത്യൂസ് തുരുത്തേൽ, ഫാ. മാണി കല്ലാപ്പുറത്ത്, ഫാ. എ.റ്റി. മാത്യു ആനത്താനത്ത് എന്നിവർ ഇപ്പോൾ പള്ളിയിൽ സേവനമനുഷ്ഠിക്കുന്നു. ജേക്കബ് ചാക്കോ പടിഞ്ഞാറെമാലിയിൽ ആണ് പള്ളിയിലെ ശുശ്രൂഷ കൻ. 423 വീട്ടുകാർ ഇപ്പോൾ പള്ളിയിൽ ഇടവകാംഗങ്ങളായുണ്ട്. ഒരു കുരിശുപള്ളിയും നാല് കുരി ശിൻതൊട്ടികളും ഇടവകയിൽ സ്ഥാപിതമായിട്ടുണ്ട്. അഞ്ച് പ്രാർത്ഥനായോഗങ്ങളും സഭയിലെ എല്ലാ ആത്മീയപ്രസ്ഥാനങ്ങളുടെ യൂണിറ്റും പ്രവർത്തിക്കുന്നു. സുറിയാനിസഭയുടെ പാരമ്പര്യത്തിലും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധത്തിലും ഇടവക തീഷ്ണതയോടെ നിലകൊള്ളുന്നു. പരിശുദ്ധ സഭയുടെ ചൈതന്യമായി ശോഭിക്കുന്ന മലങ്കരയുടെ യാക്കോബ് ബുർദ്ദാന ശ്രേഷ്ഠ കാതോലിക്കാ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ കരങ്ങൾക്കു ശക്തി പകർന്ന് സഭാകാര്യങ്ങളിൽ ഇട വകജനങ്ങൾ സജീവ പങ്കാളിത്തം വഹിക്കുന്നു.

SyrianChurch.org

പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായും പരിശുദ്ധ സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായും മലങ്കര സന്ദർശനവേളയിൽ പള്ളിയിൽ എഴുന്നള്ളിവന്ന് ശ്ലൈഹിക വാഴ്വുകൾ നൽകിയിട്ടുണ്ട്.

കരക്കോശ് ദേവാലയത്തിൽ പരിശുദ്ധ അമ്മയും മക്കളും ഗുരുവും പ്രത്യക്ഷപ്പെട്ട് നിഴൽ പതിഞ്ഞ തിരുവസ്ത്രം ഇറാഖ് ആർച്ച്ബിഷപ്പ് സാക്കാ മാർ സേവേറിയോസ് മെത്രാപ്പോലീത്തയിൽനിന്ന് ഏറ്റുവാങ്ങി ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (പെരുമ്പള്ളി) തിരുമേനി 1994–ൽ പള്ളിയിൽ സ്ഥാപിക്കുകയുണ്ടായി.

വിശുദ്ധ ദൈവമാതാവിന്റെ മഹാമദ്ധ്യസ്ഥതയാൽ പ്രശോഭിതമായ മണർകാട് വിശുദ്ധ മർത്തമറിയം പള്ളി ആയിരുന്നു പേരൂർ മർത്തശ്മൂനിപള്ളി സ്ഥാപിച്ച പിതാക്കന്മാരുടെ മാതൃഇടവക എന്നത് ധന്യസ്മരണയായി ഈ ഇടവക എക്കാലവും നിലനിർത്തുന്നു. ജനുവരി 15 ന് വിശുദ്ധ ദൈവമാതാവിന്റെയും ആഗസ്റ്റ് ഒന്നിന് മർത്തശ്മൂനിഅമ്മയുടെയും  പെരുനാൾ ആഘോഷിക്കുന്നു. ആഗസ്റ്റ് പെരുനാളിനോടനുബന്ധിച്ച് ഇടവകയിൽ ഒൻപതുനോമ്പാചരണവും പെരുനാൾദിവസം വി. ഒൻപതിന്മേൽ കുർബാനയും നടത്തിവരുന്നു.

ഇടവക മെത്രാപ്പോലീത്ത അഭിവന്ദ്യ തോമസ് മോർ തീമോത്തിയോസ് തിരുമേനിയുടെ ഭരണത്തിൽ നിലകൊണ്ട് പൂർവ്വിക സത്യവിശ്വാസം അഭംഗുരം നിലനിർത്തുന്ന ഈ ഇടവകയെ അഭിവൃദ്ധിയിലേക്കു വഴിനടത്തുന്ന സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുന്നു. എല്ലാ അനുഗ്രഹങ്ങളുടെയും മുഖാന്തരമായി ഭവിക്കുന്ന കാവൽവിശുദ്ധരുടെ ദിവ്യമദ്ധ്യസ്ഥത വിശ്വാസികളായ ഏവർക്കും അഭയവും ആശ്രയവുമാകട്ടെ.

*Source: Kottayam Diocese Souvenir, 2007*

SyrianChurch.org